(സി) എങ്കിൽ ഭൂമി ഏറ്റെടുത്ത് നൽകിയാൽ പ്രസ്തുത പദ്ധതി നടപ്പിലാകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) വേണ്ടത്ര ഭൂമി ലഭിക്കാനുള്ള കാലതാമസമാണ് ഈ ബൈപ്പാസ് നിർമ്മാണത്തിനുള്ള പ്രധാന തടസ്സമെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. ഭൂമി ലഭ്യമാക്കിയാൽ ബൈപ്പാസ് നിർമ്മിക്കുന്ന കാര്യം കേന്ദ്ര ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

തട്ടാമല സ്കൂൾ കോമ്പൗണ്ടിലെ വെള്ളക്കെട്ട് മാറ്റാൻ നടപടി

56 [3582] *ശ്രീ. എ. എ. അസീസ്*: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തട്ടാമല ഹയർ സെക്കണ്ടറി സ്കൂൾ കോമ്പൗണ്ടിൽ മഴക്കാലത്ത് നാഷണൽ ഹൈവേയിലെ ഓടവഴി ഒഴുകിവരുന്ന മലിനജലം കയറുന്നതുമൂലം വെള്ളം കെട്ടി നിൽക്കുകയും സ്കൂളിലെ അദ്ധ്യയനം മുടങ്ങുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്കൂൾ കോമ്പൗണ്ടിൽ വെള്ളം കയറാതിരിക്കാൻ ഹൈവേ ഡിവിഷൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തട്ടാമല സ്കൂളിന് സമീപമുള്ള നാഷണൽ ഹൈവേയുടെ വടക്ക് വശത്തുള്ള വസ്തു ഉടമകൾ ജലനിർഗമന മാർഗ്ഗം മണ്ണിട്ട് ഉയർത്തി ഒഴുക്ക് തടസ്സപ്പെടുത്തിയിരിക്കുന്നതുകൊണ്ടാണ് സ്കൂൾ പരിസരത്ത് വെള്ളക്കെട്ട് ഉണ്ടാകുന്നതെന്ന് ബോധ്യമായിട്ടുള്ളതിനാൽ ഇക്കാര്യം കൊല്ലം ആർ. ഡി. ഒ. യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

പിടാരം ജംഗ്ഷനിൽ ഓട നിർമ്മാണം

57 [3583] *ശ്രീ. ബി. വിജയകുമാർ*: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് പൊതുമരാമത്ത് സബ് ഡിവിഷൻ പരിധിയിലുള്ള പിടാരം-വിളവൂർക്കൽ റോഡിൽ പിടാരം ജംഗ്ഷനിൽ ഓട നിർമ്മിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കാലവർഷത്തിൽ വൻ കൃഷി നാശം ഒഴിവാക്കുന്നതിനുവേണ്ടി പ്രസ്തുത പണി അടിയന്തിരമായി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) എസ്റ്റിമേറ്റ് തയ്യാറാക്കി ടാസ്ക് ഫോഴ്സ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചാലുടൻ ടി പണി ചെയ്യാവുന്നതാണ്.

കോട്ടയം-ആലപ്പുഴ ജലപാതകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

58 [3584] *ശ്രീ. തോമസ് ചാഴികാടൻ:*
„ *കെ. നാരായണക്കുറുപ്പ്:*
„ *റോസി അഗസ്റ്റിൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. റ്റി. പി. യുടെ കീഴിൽ കോട്ടയം-വൈക്കം, കോട്ടയം-ആലപ്പുഴ ജലപാതകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പണി ഏതു ഘട്ടംവരെയായി എന്നറിയിക്കാമോ;

(സി) ഇതിന് എത്ര കോടി രൂപയാണ് വകകൊള്ളിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത ജലപാതകളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

കെ. എസ്. റ്റി. പി. യുടെ കീഴിൽ കോട്ടയം-വൈക്കം, കോട്ടയം-ആലപ്പുഴ എന്നീ ജലപാതകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 10-9-2003-ൽ ആരംഭിച്ചു. ഇതേ പാക്കേജിൽ ആലപ്പുഴ-ചങ്ങനാശ്ശേരി ജലപാതയുടെ നിർമ്മാണ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.

(ബി) മൊത്തം പണിയുടെ ഏകദേശം 10% പൂർത്തിയായിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ മൂന്ന് കനാലുകൾക്കും കൂടിയുള്ള നവീകരണ പ്രവർത്തനങ്ങൾക്കായി മൊത്തം കരാർ തുക 61 കോടി രൂപയാണ്.

(ഡി) കരാറനുസരിച്ച് ഈ പദ്ധതിയിലെ പണികൾ 9-9-2005-ൽ പൂർത്തീകരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly